**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1799** **12-09-2023 - ൽ മറുപടിയ്ക്ക്**

**നിയമപഠനത്തിന് ബിരുദ ബിരുദാനന്തര കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിയമപഠനത്തിനുള്ള ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിവിധ കോളേജുകളിൽ പ്രസ്തുത വിഷയത്തിൽ കൂടുതൽ കോഴ്സുകൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | പാലാ നിയോജകമണ്ഡലത്തിലുള്ള വിവിധ കോളേജുകളിൽ അടിസ്ഥാന സൗകര്യമുള്ളതും ഇല്ലെങ്കിൽ ആയവ ലഭ്യമാക്കാൻ സൗകര്യമുള്ളതുമായ സ്ഥലങ്ങളിൽ നിയമപഠനത്തിനിന് ബിരുദ ബിരുദാനന്തര കോഴ്സുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | യു.ജി.സി. റെഗുലേഷൻ , ബാർ കൗൺസിൽ ഓഫ് ഇൻഡ്യയുടെ നിയമാവലി, സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരം പുതിയ സ്വാശ്രയ ലോ കോളേജുകൾ തുടങ്ങുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതാണ്. എന്നാൽ ബാർ കൗൺസിൽ ഓഫ് ഇൻഡ്യയുടെ നിലവിലുള്ള നിയമാവലി പ്രകാരം മറ്റ് വിഷയങ്ങൾ പഠിപ്പിക്കുന്ന കോളേജുകളിൽ നിയമ കോഴ്സുകൾ അനുവദിക്കാൻ സാധിക്കില്ല. |
| (സി) | സംസ്ഥാനത്ത് നിലവിൽ നിയമവിഷയത്തിൽ പി.എച്ച്.ഡി. എടുക്കുവാൻ പഠിതാക്കൾക്ക് സംവിധാനങ്ങൾ ഇല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ പി.എച്ച്.ഡി. എടുക്കുവാനുള്ള അവസരം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും നിയമ വിഷയത്തിൽ പി.എച്ച്.ഡി. എടുക്കുവാനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്. |
| (ഡി) | സംസ്ഥാനത്ത് നിലവിൽ നിയമ വിഷയത്തിൽ പി.എച്ച്.ഡി. കോഴ്സുകൾ ലഭ്യമാക്കിയിട്ടുള്ള സർവകലാശാലകൾ ഏതെല്ലാം; വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്ത് കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കുസാറ്റ്, കുഫോസ്, നുവാൽസ്, സെൻട്രൽ യൂണിവേഴ്സിറ്റി കാസർഗോഡ്, അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റി സെന്റർ എന്നിവിടങ്ങളിൽ പി.എച്ച്.ഡി. കോഴ്സുകൾ ചെയ്യുന്നതിനുള്ള സൗകര്യങ്ങളുണ്ട്. |

സെക്ഷൻ ഓഫീസർ